# 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ
# സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും
# സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത
# പ്രകാരമുള്ള ബില്ലും

246/2013.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| ഘടന | .. | v |
| റിപ്പോർട്ട് | .. | vii |
| വിയോജനക്കുറിപ്പ് | .. | ix |
| സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 1 |

## സബ്ജക്ട് കമ്മിറ്റി I

(കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

(2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. കെ. പി. മോഹനൻ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. ജെയിംസ് മാത്യു

ശ്രീ. ഇ. പി. ജയരാജൻ

ശ്രീ. സി. പി. മുഹമ്മദ്

ശ്രീ. സി. മോയിൻകുട്ടി

ശ്രീ. എസ്. ശർമ്മ

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. തിലോത്തമൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

# 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

1. സബ്ജക്ട് കമ്മിറ്റി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)-ന്റെ പരിഗണനയ്ക്കായി അയച്ച 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ കമ്മിറ്റി ഖണ്ഡംഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള കമ്മിറ്റി റിപ്പോർട്ടും കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ 2013 ജനുവരി 29-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2013 ഫെബ്രുവരി 14-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. സമിതി 2013 ഫെബ്രുവരി 14-ാം തീയതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2013 ഫെബ്രുവരി 14.

കെ. പി. മോഹനൻ,
*ചെയർമാൻ.*
*സബ്ജകട് കമ്മിറ്റി I.*

## വിയോജനക്കുറിപ്പ്

2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബില്ലിന്മേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് താഴെപ്പറയുന്ന കാരണങ്ങളാൽ ഞങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തുന്നു:

1. കേരളത്തിലെ മുഴുവൻ ക്ഷീരകർഷകരെയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യാത്തതിനാൽ;

2. മിൽമ പാൽവില കൂട്ടുന്നതിനനുസൃതമായി കേരളത്തിലെ ക്ഷീരകർഷകനു വർദ്ധിച്ച ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥ ഇല്ലാത്തതിനാൽ;

3. ക്ഷീരകർഷകർ ക്ഷേമനിധിയിൽ അംശാദായം അടയ്ക്കുന്നതിന് ആനുപാതികമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഇല്ലാത്തതിനാൽ;

4. കാലിത്തീറ്റ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥകൾ ഇല്ലാത്തതിനാൽ;

5. ക്ഷീരകർഷകർക്കുള്ള പ്രതിമാസ പെൻഷൻ ആയിരം രൂപയെങ്കിലുമായി വർദ്ധിപ്പിക്കുവാനുള്ള വ്യവസ്ഥകൾ ഇല്ലാത്തതിനാൽ.

ഇ. പി. ജയരാജൻ (ഒപ്പ്)

എസ്. ശർമ്മ (ഒപ്പ്)

ജെയിംസ് മാത്യു (ഒപ്പ്)

തിരുവനന്തപുരം,
2013 ഫെബ്രുവരി 14.

# 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ളത്)

2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് താഴെ കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി.—2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിലെ (2007-ലെ 7) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയിൽ "പത്തു വർഷമെങ്കിലും" എന്ന വാക്കുകൾക്ക് പകരം "അഞ്ചു വർഷമെങ്കിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 7-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ,—

(എ) (ii)-ാം ഇനത്തിൽ,—

(i) (എ) ഖണ്ഡത്തിൽ, "പന്ത്രണ്ട് പൈസ" എന്ന വാക്കുകൾക്ക് പകരം "വിപണന വിലയുടെ 0.5 ശതമാനം" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ് .

(ii) (ബി) ഖണ്ഡത്തിൽ, "അഞ്ച് പൈസ" എന്ന വാക്കുകൾക്ക് പകരം "വിപണന വിലയുടെ 0.3 ശതമാനം" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

246/2013.

(ബി) (iii)-ാം ഇനത്തിൽ,—

"പന്ത്രണ്ടുപൈസ" എന്ന വാക്കുകൾക്ക് പകരം "വിപണന വിലയുടെ 0.75 ശതമാനം" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 ഫെബ്രുവരി 14.

പി. ഡി. ശാരംഗധരൻ,
*സെക്രട്ടറി.*